# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 19 No. 04 | PUBLISHED FROM DELHI | PRICE Rs. 3/- | APRIL 2015


## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 21-ാം ജനറൽ കൺവൻഷൻ സമാപിച്ചു

**അടൂർ:-** ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 21-ാമത് ജനറൽ കൺവൻഷൻ സമാപിച്ചു. 2015 ഫെബ്രുവരി 26 മുതൽ മാർച്ച് 1 വരെ അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന കൺവൻഷൻ സഭാപ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്തു. ഒന്നാം ദിനം പാസ്റ്റർ മനോജ് തമ്പി, രണ്ടാം ദിനം പാസ്റ്റർ രാജേഷ് ഏലപ്പാറ, മൂന്നാം ദിനം പാസ്റ്റർ കെ. ജെ.മാത്യു എന്നിവർ രാത്രിയോഗങ്ങളിൽ ദൈവവചനം പങ്കുവെച്ചു. വെള്ളിയാഴ്ച പകൽ നടന്ന സെമിനാറിൽ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് വൈസ് പ്രിൻസിപ്പാൾ പാസ്റ്റർ ഷാജി. എസ്. ക്ലാസ്സുകൾ നയിച്ചു. ശനിയാഴ്ച രാവിലെ 10.30 ന് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 7-ാ മത് ബിരുദദാന സമ്മേളനം നടന്നു. റവ. ഡോ. പ്രിൻസ് പി.എസ്. (പ്രിൻസിപ്പാൾ, ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി, ചെറുവക്കൽ) മുഖ്യസന്ദേശം നൽകി. 16 യുവതീയുവാക്കൾ ബിരുദം ഏറ്റുവാങ്ങി. ഉച്ചയ്ക്ക് ശേഷം നടന്ന പുത്രികാസംഘടനകളുടെ വാർഷിക മീറ്റിംഗിൽ പാസ്റ്റർ സുമേഷ് പി. ലാസർ അദ്ധ്യക്ഷനായിരുന്നു. വിവിധ സഭകളിൽ നിന്നുള്ള പ്രോഗ്രാമുകൾ ഈ മീറ്റിംഗിന്റെ മാറ്റുകൂട്ടി. ഞായറാഴ്ച രാവിലെ 8.30 ന് സ്നാനത്തിന്റെ ക്ലാസ്സ് പാസ്റ്റർ വി.എം. എബ്രഹാം നിർവ്വഹിച്ചു. 4 പേർ 9 മണിക്ക് കർത്തൃദാസൻ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കൈകീഴിൽ സ്നാനമേറ്റ് ക്രിസ്തുവിനോടു ചേർന്നു. രാവിലെ 10 മണിക്ക് ഐക്യ ആരാധന ആരംഭിച്ചു. പാസ്റ്റർ വി.എം. എബ്രഹാം അദ്ധ്യക്ഷനായിരുന്ന മീറ്റിംഗിൽ പാസ്റ്റർ ബോബി പി. ജോൺ സങ്കീർത്തനത്തിൽ നിന്നും പ്രബോധനം നടത്തി. തുടർന്ന് വചന

(ശേഷം രണ്ടാം പേജിൽ)




പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ പാസ്റ്റർമാരായ സുമേഷ് പി. ലാസർ, എബി ജോർജ്, വി.എം. ഏബ്രഹാം,തുടങ്ങിയവർ.

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 7-ാമത് ബിരുദദാനം നടന്നു

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഏഴാമത് ബിരുദദാന ശുശ്രൂഷ 2015 ഫെബ്രുവരി 28 ശനിയാഴ്ച അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടന്നു. വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ 16 വിദ്യാർത്ഥികൾക്ക് 7-ാമത് ഗ്രാജുവേഷനിൽ ബിരുദം ലഭിച്ചു. ബിരുദദാരികളുടെ വർണ്ണശബളമായ പ്രവേശനത്തിന് ശേഷം ആരംഭിച്ച ശുശ്രൂഷകൾക്ക് കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിച്ചു. ദൈവം തനിക്കു നൽകിയ ഭാരതസുവിശേഷീകരണ ദർശനവും അതിന്റെ സാക്ഷാത്കാരണത്തെക്കുറിച്ചും വിശ്വാസത്താൽ കഴിഞ്ഞ 9 വർഷങ്ങൾ കോളജിനെ ദൈവം പരിപാലിച്ചതിനെ ഓർത്തുള്ള നന്ദിയും ഡയറക്ടറുടെ സന്ദേശത്തിൽ പാസ്റ്റർ എം. സാമുവൽകുട്ടി പറഞ്ഞു. ഈ വർഷത്തെ പഠന വിഷയമായി തിരെഞ്ഞെടുത്തത് എന്റെ സാക്ഷികളാകുക എന്നതായിരുന്നു (അപ്പൊ.പ്രവ.1:8). ചെറുവക്കൽ ന്യൂലൈഫ് ബിബ്ലിക്കൽ സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. പ്രിൻസ് പി.എസ്. മുഖ്യാതിഥിയായിരുന്നു.




ബിരുദദാന ചടങ്ങിൽ റവ.ഡോ. പ്രിൻസ് പി. എസ്. മുഖ്യസന്ദേശം നൽകുന്നു.

വിദ്യാർത്ഥികളുടെ പ്രതിനിധിയായി ബ്രദർ ഹൂറിൽ മറാണ്ടി പ്രസംഗിച്ചു. സഹോദരി ലളിതാ ജോർജ് പരിഭാഷപ്പെടുത്തി. പാസ്റ്റർ എം. സാമുവൽകുട്ടി ഗ്രാജുവേറ്റ്സിന് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പഠനത്തിൽ മികവു തെളിയിച്ച വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡുകൾ റവ. ഡോ. പ്രിൻസ് പി.എസ്. വിതരണം ചെയ്തു. ഇവ. സാംസൺ സാമുവൽ ഗ്രാജുവേറ്റ്സിന് സമ്മാനങ്ങൾ നൽകി. ബ്രദർ ബിജു ബി. വിദ്യാർത്ഥികളുടെ നന്ദി പ്രകാശനം നടത്തി. പാസ്റ്റർ ജയപ്രകാശ് വേദഭാഗം വായിച്ച് സ്റ്റാൻലി പി. വർഗ്ഗീസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പാസ്റ്റർ മനോജ് തമ്പി സ്വാഗതവും പാസ്റ്റർ സുമേഷ് പി. ലാസർ നന്ദിയും പറഞ്ഞു. ബ്രദർ ബാലചന്ദ്രൻ, സുവി. സാംസൺ സാമുവൽ, പാസ്റ്റർ രാജൻ പി.ഡി. എന്നിവർ ബിരുദധാരികൾക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കോളജ് രജിസ്ട്രാർ പാസ്റ്റർ ബോബി പി. ജോൺ ബിരുദധാരികളെ അവതരിപ്പിച്ചു. കോളജ് വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി എസ്. കോഴ്സുകളെക്കുറിച്ചുള്ള വിശദീകരണം നടത്തി. പാസ്റ്റർ എബി ജോർജ് സമാപന പ്രാർത്ഥന നടത്തി

(ശേഷം രണ്ടാം പേജിൽ)

## ആരാധനയിലേക്ക് ജനം മടങ്ങിവരിക

### പാസ്റ്റർ മനോജ് തമ്പി

**അടൂർ:-** സത്യ ആരാധനയിലേക്ക് ജനം മടങ്ങി വരേണ്ട കാലം അതിക്രമിച്ചു എന്ന് പാസ്റ്റർ മനോജ് തമ്പി. ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ ജനറൽ കൺവൻഷന്റെ പ്രഥമ രാത്രിയിൽ റോമാലേഖനം 12:1-2 വേദഭാഗം ആസ്പദമാക്കി ദൈവവചനംസംസാരിക്കുകയായിരുന്നു അദ്ദേഹം. ആരാധന എന്ന വിഷയത്തോടുള്ള ബന്ധത്തിലല്ലാതെ ഇത്ര ആഴമായും ഗൗരവവുമായി ദൈവീക ഇടപെടലുകൾ ബൈബിളിലെ മറ്റൊരു ഭാഗത്തും ദർശനീയമല്ല. ഉല്പത്തി മുതൽ വെളിപ്പാടു വരെ തെളിമയോടെ കാണപ്പെടുന്ന ഒരു വിഷയമാണ് ആരാധന. യിസ്രായേലിനോടുള്ള ബന്ധത്തിൽ ദൈവം തന്റെ ദാസനായ മോശയിലൂടെ നൽകിയ പത്ത് കല്പനയിലെ അലംഘനീയമായ ആദ്യ നിയമമാണ് ഞാനല്ലാതെ അന്യദൈവം ഉണ്ടാകരുത് എന്നത്. ആരാധനയോടുള്ള ദൈവീക തീഷ്ണത വെളിപ്പെട്ട അനവധി സന്ദർഭങ്ങൾ പഴയനിയമത്തിൽ കാണാം.പുതിയ നിയമത്തിൽ യേശു ചാട്ടവാർ ചുഴറ്റിയത് ആരാധനയോടുള്ള അടങ്ങാത്ത ആവേശം മൂലമായിരുന്നു.

ആരാധനയെന്നത് സൃഷ്ടിക്കപ്പെട്ട അവസ്ഥയിലേക്ക് മടങ്ങിവരാനുള്ള

(ശേഷം രണ്ടാം പേജിൽ)

## പ്രതിസന്ധികളിൽ തളർന്നുപോകരുത്

### പാസ്റ്റർ രാജേഷ് ഏലപ്പാറ

**അടൂർ:-** പ്രതിസന്ധി ഘട്ടങ്ങളിൽ ദൈവ ജനത്തിന്റെ ഹൃദയം കലങ്ങിപ്പോകരുതെന്ന് പാസ്റ്റർ രാജേഷ് ഏലപ്പാറ; ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 21-ാ മത് ജനറൽ കൺവൻഷന്റെ രണ്ടാം രാത്രി യോഹന്നാൻ 14:1 ആധാരമാക്കി ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. യേശു തന്റെ ശിഷ്യന്മാർക്ക് ധൈര്യത്തിനും ഉന്നതിക്കും, ഉത്തേജനത്തിനുമായി പറഞ്ഞ വാക്കുകൾ ഇന്നും അന്വർത്ഥമായി നില്ക്കുന്നു.

യേശുവിന്റെ അനുയായികളുടെ ഹൃദയത്തെ കലക്കുന്ന നിരവധി പ്രശ്നങ്ങൾ ഇന്നുമുണ്ട്. എന്നാൽ അവയെ തരണം ചെയ്യാൻ നമുക്ക് ചില നന്മകൾ ലഭ്യമായിട്ടുണ്ട്. അവ കർത്താവായ യേശുവിന്റെ നാമം, അവന്റെ രക്തം, യേശു നൽകുന്ന സമാധാനം എന്നിവയാണ്. യേശുവിന്റെ നാമം എല്ലാ നാമത്തിലും മേലായ നാമവും രക്ഷിപ്പാൻ കഴിയുന്ന നാമവുമാണ്. ഈ നാമം ഉച്ചരിക്കുന്നത് കേൾക്കുമ്പോൾ പിശാചിന് പേടിയാണ്. എല്ലാ മുട്ടും മടങ്ങുന്ന, എല്ലാ നാവും ഏറ്റു പാടുന്ന ഒരേ ഒരു നാമം അതാണ് യേശുവിന്റെ നാമം. ദൈവജനത്തിന്റെ ഹൃദയം കലങ്ങാതിരിപ്പാൻ നൽകിയ രണ്ടാമത്തെ കാര്യം സമാധാനം. യേശു പറഞ്ഞു ഞാൻ എന്റെ സമാധാനം നിങ്ങൾക്കു തന്നേച്ചു പോകുന്നു. അത് ഈ ലോകം തരുന്നതുപോലെയല്ല. ദൈവം തരുന്ന സമാധാനം ഏതു പ്രതികൂലത്തിനും അനുകൂലമായും

(ശേഷം രണ്ടാം പേജിൽ)

## പുതിയ തലമുറ പാപത്തെ വിട്ടൊഴിയുന്നവരായി മാറുക

### പാസ്റ്റർ കെ.ജെ. മാത്യു

**അടൂർ:-** പാപത്തെ വിട്ടൊഴിയുന്നവരായി പുതിയ തലമുറ മാറണമെന്ന് പാസ്റ്റർ കെ.ജെ. മാത്യു(അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് അസി. സൂപ്രണ്ട്) പ്രസ്താവിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 21-ാമത് ജനറൽ കൺവൻഷന്റെ മൂന്നാം രാത്രി ഉല്പത്തി 4:7 ആധാരമാക്കി ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. പാപം വിവിധ രൂപങ്ങളിലാണ് പുതിയ തലമുറയിലേക്ക് കടക്കുന്നത്. നവസാമൂഹിക മാധ്യമങ്ങളുടേയും പുതുപുത്തൻ വാർത്താവിനിമയ ഉപാധികളുടേയും ദുരുപയോഗം ന്യൂജനറേഷനെ പാപത്തിലേക്ക് വലിച്ചിഴക്കുന്നു. പ്രലോഭനങ്ങളും പ്രോത്സാഹനങ്ങളുമായി ശത്രു തലമുറയെ പാപത്തിലേക്ക് നയിക്കുവാൻ കാത്തിരിക്കുമ്പോൾ ശത്രുവിന്റെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് ഞാൻ ദൈവപൈതലാണെന്ന ബോധ്യത്തോടെ വിശുദ്ധജീവിതം നയിക്കുവാൻ പുതിയ തലമുറയ്ക്ക് കഴിയണം. പാപം നമ്മെ കീഴടക്കുവാൻ ഇരയെ കാത്തിരിക്കുന്ന വന്യമൃഗത്തെപ്പോലെ നമ്മുടെ വാതിലിൽ കാത്തിരിക്കുമ്പോൾതന്നെ മഹാപാപപരിഹാരകനും നമ്മുടെ ഹൃദയവാതിലിൽ മുട്ടുന്നുവെന്ന് അദ്ദേഹം ഓർപ്പിച്ചു.

പത്രാധിപ ലേഖനം.......

# യേശുവിന്റെ പരമയാഗം



ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയും ഇന്ത്യൻ ക്രിസ്ത്യൻ മിഷനും ആരംഭിച്ചിട്ട് കഴിഞ്ഞ മാർച്ച് 11 ന് 25 വർഷം പൂർത്തിയായിരിക്കുന്നു. 1990 മാർച്ച് 11-ാം തീയതി ഡൽഹിയിലെ കിങ്ങ്സ് വേ ക്യാമ്പിൽ ഞങ്ങൾ പാർത്തിരുന്ന ഭവനത്തിൽ വച്ച് പ്രാർഥിച്ച് ആരംഭിച്ച ഈ പ്രവർത്തനത്തെ വിശ്വസ്ഥനായ ദൈവം ഇത്രത്തോളം വളർത്തിയതിൽ ഞങ്ങൾക്ക് വളരെ ചാരിതാർത്ഥ്യമുണ്ട്. തികച്ചും വിശ്വാസത്താലാരംഭിച്ച ഈ പ്രവർത്തനത്തിന്റെ 25 വർഷത്തെ യാത്രയിലുടനീളം ദൈവത്തിന്റെ വിശ്വസ്തതയും കരുതലും ധാരാളമായി അനുഭവിക്കുവാൻ കഴിഞ്ഞു.

മറ്റൊരു കഷ്ടാനുഭവ ആഴ്ചകൂടി കടന്നുപോയി. യഥാർത്ഥത്തിൽ ഇന്നു നമുക്കു ചുറ്റും കാണുന്ന ചടങ്ങുകളും ആചാരങ്ങളും ക്രിസ്തുവിന്റെ പരമയാഗത്തെ ഓർമ്മിപ്പിക്കുന്നതാണോ എന്നു നാം പരിശോധിക്കേണ്ടിയിരിക്കുന്നു. കഥയറിയാതെയുള്ള ആട്ടമല്ലേ ഈ സമയങ്ങളിൽ നടക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ദൈവം സൃഷ്ടിച്ച മനുഷ്യൻ അനുസരണക്കേടിലൂടെ പാപത്തിൽ വീണപ്പോൾ അവവരുടെ പാപക്ഷമയ്ക്കായി ഒരു യാഗപരമ്പരയെ ദൈവം താത്കാലികമായി ഏർപ്പെടുത്തിക്കൊടുത്തു. പഴയനിയമത്തിൽ പ്രധാനമായും 5 യാഗങ്ങളെ കുറിച്ച് കാണാം. ഹോമയാഗം, ഭോജനയാഗം, സമാധാന യാഗം, പാപയാഗം, അകൃത്യയാഗം. ഇവ ഓരോന്നിനും പ്രത്യേകമായ വ്യവസ്ഥകളും ദൈവം കൽപിച്ചിരുന്നു. ദൈവത്തിൽ നിന്നും പൊതുവായി പ്രാപിച്ച കുറ്റവിമുക്തിക്ക് പ്രായശ്ചിത്തമെന്നവണ്ണം നിർബന്ധത്താലല്ലാതെ സ്വമനസ്സാലെ മനപൂർവ്വമായ സ്ത്രോത്രാർപ്പണമായി ഭക്ത്യാദരവോടെയും നന്ദി സൂചകമായും സ്വയാർപ്പണം ചെയ്യുന്ന വിശുദ്ധ വഴിപാടാണ് ഹോമയാഗം. ഊനമില്ലാത്ത മൃഗങ്ങളെയായിരുന്നു ഹോമയാഗത്തിന് അർപ്പിക്കേണ്ടത്. ആ മൃഗങ്ങൾ സാക്ഷാൽ യാഗവസ്തുവാകുന്ന യേശുക്രിസ്തുവിനെ പ്രതിനിദാനം ചെയ്യുന്നവയാണ്. ഹോമയാഗങ്ങൾ പൂർണ്ണമായും ദഹിപ്പിക്കപ്പെടേണ്ടവയാണ്. അത് സമ്പൂർണ്ണമായ സമർപ്പണത്തെ കാണിക്കുന്നു. അതിൽ കുറഞ്ഞ ഒരു സമർപ്പണവും ദൈവത്തെ പ്രസാദിപ്പിക്കുവാൻ പര്യാപ്തമല്ല.

ഭോജനയാഗം രക്തച്ചൊരിച്ചിൽ കൂടാതെ അർപ്പിക്കപ്പെടുന്ന യാഗമായിരുന്നു. അത് ക്രിസ്തുവിന്റെ ജീവിതത്തെ പ്രതിനിധാനം ചെയ്യുന്നു. പരിശുദ്ധനായ ദൈവത്തെ പൂർണ്ണമായി പ്രസാദിപ്പിക്കുന്ന യാഗമായിരുന്നു യേശുക്രിസ്തുവിന്റെ ഭൗമിക ജീവിതം. സമാധാനയാഗം എന്നത് 3 വിധത്തിലുണ്ട്; സ്ത്രോത്രയാഗം, നേർച്ചയാഗം, സ്വമേധയാഗം. സമാധാനയാഗം ദൈവവുമായി സമാധാനം ഉണ്ടാക്കുവാനല്ല, മറിച്ച് ദൈവവുമായുള്ള സമാധാനം അനുഭവിക്കുവാനും ആസ്വദിക്കുവാനുമുള്ളതാണ്. അതുകൊണ്ടുതന്നെ ദൈവജനത്തിന് സന്തോഷവും സമാധാനവും ലഭിക്കുക എന്നതുതന്നെയാണീ യാഗത്തിന്റെ ഉദ്ദേശം. അറിഞ്ഞോ അറിയാതെയോ ഒരുവൻ പാപം ചെയ്തുപോയാൽ അതിനു പരിഹാരമായി അർപ്പിക്കപ്പെടേണ്ട യാഗമാണ് പാപയാഗം.

ദൈവജനം അബദ്ധവശാൽ ചെയ്യുന്ന പാപങ്ങളുടെ പ്രായശ്ചിത്തമായാണ് പാപയാഗം അർപ്പിക്കപ്പെടുന്നത്. ഓരോ ശ്രേണിയിൽപ്പെട്ട ആളുകൾക്കും വ്യത്യസ്തമായ യാഗങ്ങൾ നിർദ്ദേശിക്കപ്പെട്ടിരുന്നു. അകൃത്യയാഗം പാപയാഗവുമായി സാമ്യമുള്ളതാണെങ്കിലും ഒരുവൻ ചെയ്ത കുറ്റം അനുസരിച്ച് പണവും സമർപ്പിക്കണമായിരുന്നു.

മൃഗങ്ങളെ അർപ്പിച്ചുകൊണ്ടുള്ള യാഗങ്ങൾക്ക് ഒരു സ്ഥാനമുണ്ടായിരുന്നെങ്കിലും സമ്പൂർണ്ണയാഗമായി ഒരിക്കലായി അർപ്പിക്കപ്പെടുവാൻ മശിഹ വരുമെന്ന് ജനം ആകാംഷയോടെ കാത്തുകാത്തിരുന്നു. കാരണം, കാളകളുടെയും ആട്ടുകൊറ്റൻമാരുടെയും രക്തത്തിന് പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല (എബ്രാ.10:4) എന്നവർക്കറിയാമായിരുന്നു. എന്തായാലും സുവിശേഷങ്ങളിൽ രേഖപ്പെടുത്തപ്പെട്ട പിന്നീട് സംഭവിക്കുവാൻ പോകുന്ന ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ പ്രതിരൂപം മാത്രമായിരുന്നു പഴയനിയമ യാഗങ്ങൾ. അവയെല്ലാം രക്തചൊരിച്ചിലുകളുടെ പാപപരിഹാരയാഗങ്ങളായിരുന്നു. എന്നാൽ അതെല്ലാം ക്രിസ്തുവിൽ സഫലീകരിക്കപ്പെട്ടു. ഇനി മേൽ ഒരു മൃഗയാഗവും അനിവാര്യമല്ല. പഴയനിയമത്തിൽ ഉടനീളം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന രക്ഷിതാവ് പുതിയനിയമത്തിൽ വെളിപ്പെട്ടു വന്നു. ദൈവസ്നേഹത്തിന്റെ പ്രതീകമായിരുന്നു തന്റെ ഓമനകുമാരനെ ഈ ലോകത്തിൽ അയച്ച് മാനവരാശിക്ക് സാധിപ്പിക്കേണ്ടിയിരുന്ന വീണ്ടെടുപ്പ് പൂർണ്ണമായി നിറവേറിയത് പുതിയ നിയമത്തിലാണ്.

ക്രിസ്തുവിന്റെ ക്രൂശീകരണം പുസ്തകങ്ങളിൽ മാത്രം എഴുതപ്പെട്ട ഒരു കടങ്കഥയല്ല. അത് ചരിത്രമാണ്. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രശസ്ത യെഹൂദാ ചരിത്രകാരനായ ജോസീഫസ് യേശുക്രിസ്തുവിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. മശിഹയെപ്പറ്റി മൂന്ന് പ്രാവശ്യം അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നുണ്ട്. ഇതിൽ മൂന്നാമത്തേതാണ് ഏറ്റവും പ്രധാനം. പ്രസ്തുത പരാമർശം ഫ്ളാവിയൻ സാക്ഷ്യം എന്ന പേരിലാണ് അറിയപ്പെടുന്നത്. ഏതാണ്ടീ കാലത്ത് യേശു എന്ന് പേരുള്ള ജ്ഞാനിയായ ഒരു മനുഷ്യൻ (അദ്ദേഹത്തെ മനുഷ്യനെന്നു വിളിക്കാമെങ്കിൽ) ജീവിച്ചിരുന്നു. അവർ യഥാർത്ഥത്തിൽ അത്ഭുതകൃത്യങ്ങൾ ചെയ്തിരുന്നു. സത്യം സൻമനസ്സോടെ സ്വീകരിക്കുന്നവരുടെ ഗുരുവായിരുന്നു. നിരവധി യെഹൂദരെയും ശമര്യരെയും ഗ്രീക്കുകാരെയും അവൻ തന്റെ പക്കലേക്ക് ആകർഷിച്ചു. അവനായിരുന്നു മശിഹ. ഞങ്ങളുടെ പ്രമാണികൾ അവനിൽ കുറ്റം ആരോപിച്ചതിനാൽ പൊന്തിയൊസ് പീലാത്തോസ് അവനെ ക്രൂശിക്കാൻ വിധിച്ചു. എങ്കിലും ആദ്യം മുതൽ അവനെ സ്നേഹിച്ചിരുന്നവർ പിൻമാറിയില്ല. മരിച്ചിട്ട് മൂന്നാം ദിവസം അവൻ യഥാർത്ഥത്തിൽ വീണ്ടും ജീവനോടെ അവർക്ക് പ്രത്യക്ഷപ്പെട്ടു. ഇതും മറ്റ് നിരവധി അത്ഭുതകാര്യങ്ങളും അവൻ ചെയ്തു. പ്രവാചകന്മാർ ഇവനെപ്പറ്റി പ്രവചിച്ചിട്ടുണ്ടായിരുന്നു. അവന്റെ നാമത്തിൽ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന ആ സമൂഹം ഇപ്പോഴും നശിച്ചിട്ടില്ല (Flavius Josephus, Antiquitates, XVIII,3:3) മറ്റനേക ചരിത്രകാരന്മാരും യേശുക്രിസ്തുവിനെപ്പറ്റിയും ക്രിസ്ത്യാനികളെക്കുറിച്ചും പരാമർശിക്കുന്നുണ്ട്.

യേശുക്രിസ്തുവിന്റെ മരണവും ഉയിർപ്പും ഒരിക്കലും നിഷേധിപ്പാൻ സാധ്യമല്ല. ക്രിസ്തുവിന്റെ ഉയിർപ്പ് എല്ലാ മാനവജാതിയുടെയും പ്രത്യാശയാണ്. യേശുക്രിസ്തു ക്രൂശിൽ മരിച്ചതിലൂടെ മനുഷ്യർക്ക് രക്ഷയുടെ വാതിൽ തുറന്നുകിട്ടി. ഈ വാതിലിലൂടെ പ്രവേശിക്കുന്നവർക്ക് നിത്യരക്ഷ അനുഭവവേദ്യമാകും. യേശു രക്ഷയുടെ വാതിലായി തീർന്നത് അവന്റെ ക്രൂശിലെ പരമയാഗം പൂർത്തിയാക്കിയതു മൂലമാണ്. ഈ യാഗത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുന്നവർ തീർച്ചയായും യേശു എന്ന കവാടത്തിലൂടെ രക്ഷയിലേക്ക് പ്രവേശിക്കും. അനേക മഹാൻമാർ അവരുടെ കല്ലറകളിൽ അന്ത്യവിശ്രമം കൊള്ളുമ്പോൾ യേശുമാത്രം മരണത്തിന്റെ എല്ലാ വെല്ലുവിളികളെയും തകർത്തെറിഞ്ഞ് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് ഇന്നും നമുക്കായി ജീവിക്കുന്നു.

പാസ്റ്റർ എം. സാമുവൽകുട്ടി

## ജനറൽ കൺവൻഷൻ സമാപിച്ചു

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ശുശ്രൂഷ ഇവാ. സാംസൺ സാമുവൽ, പാസ്റ്റർ എം. സാമുവൽകുട്ടി എന്നിവർ നിർവ്വഹിച്ചു. പ്രസംഗാനന്തരം 4 കുഞ്ഞുങ്ങളുടെ പ്രതിഷ്ഠാ ശുശ്രൂഷയും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയും പാസ്റ്റർ എം. സാമുവൽകുട്ടി നടത്തി. തുടർന്ന് നടന്ന സ്നേഹവിരുന്നോടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ സമാപിച്ചു. ഫെയ്ത്ത് സീയോൻ സിംഗേഴ്സും, ഫെയ്ത്ത് ബാന്റും ഈ ദിനങ്ങളിൽ ഗാനങ്ങളാലപിച്ചു.

## ആരാധനയിലേക്ക് ജനം മടങ്ങിവരിക

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

സൃഷ്ടിയുടെ തീവ്രമായ ആഗ്രഹമാണ് ആരാധന, അഥവാ പാപരഹിതമായ ജീവിതാനുഭവങ്ങളിലേക്ക് മടങ്ങിവരുന്ന അനുഭവമാണ് ആരാധന. ആരാധനയ്ക്ക് ഒരു ദൈവം വേണം, ആരാധനയ്ക്ക് ആരാധകർ വേണം, ആരാധനയ്ക്ക് ഒരു മാർഗ്ഗം വേണം. ഈ അനുഭവമുള്ളിടത്ത് ആരാധനയുണ്ടാകും. ആരാധന ആരംഭിക്കുന്നത് അനുസരണത്തിൽ നിന്നുമാണ്. അതിനുദാഹരണമാണ് അബ്രഹാമും പൗലൊസ് അപ്പൊസ്തലനും ശീലാസും. അനുസരണമുള്ള ആരാധന അനുഭവമുള്ള ആരാധനയിലേക്കും, അനുഭവമുള്ള ആരാധന അർപ്പണമുള്ള ആരാധനയായും തീരുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

## പ്രതിസന്ധികളിൽ തളർന്നുപോകരുത്

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ധൈര്യത്തോടെയും നിലനിർത്തുന്ന ഒന്നത്രെ. പത്രൊസ് സുവിശേഷം നിമിത്തം കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടു. പടയാളികൾ കാവലായി, നാളത്തെ പ്രഭാതം ജീവന് ഹാനിയായി ഭവിക്കും എന്ന ചിന്ത ലവലേശം ഭരിക്കാതെ രാത്രിയിൽ സുഖമായി ഉറങ്ങി. ഇങ്ങനെ പ്രശ്നങ്ങളുടെ മുൻപാകെ പകച്ചു നില്ക്കാതെ പത്രൊസ് ഉറങ്ങിയതിന്റെ പിൻപിൽ ക്രിസ്തു പകർന്ന സമാധാനമല്ലാതെ മറ്റെന്താണ്? അദ്ദേഹം ചോദിച്ചു.

## 7-ാമത് ബിരുദദാനം

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

പാസ്റ്റർ എം. സാമുവൽകുട്ടിയുടെ ആശീർവാദത്തോടെ ഏഴാമത് ബിരുദദാന സമ്മേളനം സമാപിച്ചു.

ക്രമീകൃതമായ വേദശാസ്ത്ര വിദ്യാഭ്യാസവും പ്രവർത്തി പരിചയവും കോർത്തിണക്കി സുവിശേഷ വയലിലേക്ക് പരിശുദ്ധാത്മ ദർശനം പ്രാപിച്ച യുവതീയുവാക്കളെ പരിശീലിപ്പിച്ചയക്കുന്ന ഈ സ്ഥാപനം പത്താമത് പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുന്നു. ക്ലാസ്സുകൾ ജൂൺ ആദ്യവാരത്തിൽ ആരംഭിക്കും.

## സുഗന്ധം പരത്തുന്ന വിശ്വാസ ഗീതികൾ!

(നാലാം പേജിൽ നിന്ന് തുടർച്ച)

രത്തിലും ഇരുചക്രവാഹനത്തിന്റെ പിന്നിൽ ഇരുന്നും ബസ്സ് യാത്രയിൽ നിന്നുകൊണ്ടും ഒക്കെ ഗാനങ്ങൾ രചിക്കപ്പെട്ടു. ഒരു പാട്ടുപോലും വെട്ടിതിരുത്തി കൂട്ടിച്ചേർത്ത് എഴുതേണ്ടി വന്നിട്ടില്ല. ദൈവാത്മാവ് പ്രേരിപ്പിക്കുമ്പോൾ എഴുതി തുടങ്ങും, മിനിറ്റുകൾക്കുള്ളിൽ അക്ഷരപ്രാസത്തോടുകൂടിയതും സാഹിത്യശൈലിയും കാവ്യഭംഗിയും സംഗീതസുഖമുമൊക്കെയുള്ള പാട്ടുകൾ തൂലികതുമ്പിലൂടെ പുറത്തുവരും.

നാഥാ യേശുനാഥാ ദേവാ, ആശ്രിതവത്സലനേശു ആശ്രിതർക്കഭയം നൽകും, ആശിഷ ദായകനാം എന്നേശുനാഥൻ, കാൽവറി ദർശനം പ്രാപിക്കു മനുജാ, എന്നു നീ മേഘെ വന്നീടുമോ പ്രിയാ, യേശുമണാളനെ നിൻ വരവിന് താമസം, നിൻ കൃപ എത്ര മനോഹരം വർണ്ണിപ്പാൻ എളുതല്ല, കാലങ്ങൾ ഏറെ അധികമില്ല, തുടങ്ങി നിരവധി ഗാനങ്ങൾ ശ്രദ്ധേയമാണ്, വിദേശരാജ്യത്ത് വച്ചുണ്ടായ വാഹനാപകടം. പാസ്റ്റർ എം. സാമുവൽകുട്ടി സഞ്ചരിച്ചിരുന്ന കാർ അപകടത്തിൽ തകർന്നു, പക്ഷെ ഒരു പോറൽപോലും ഏൽക്കാതെ ദൈവം അവിടുത്തെ അത്ഭുതകരങ്ങളത്തിൽ പരിപാലിച്ചു. അതിനുശേഷം എഴുതിയ വരികളാണ് ആശ്രയം എന്നും എന്നേശുവിൽ മാത്രം എന്ന ഗാനം.

പ്രേഷിതവൃത്തിയുടെ തിരക്കിനിടയിൽ ഇന്നും ഗാനരചന അനസ്യൂതം തുടരുന്നു. വിശ്വാസത്തിന്റെ നായകനുവേണ്ടി വിശ്വാസത്തിൽ ധീര യോദ്ധാവായ തന്റെ വിശ്വാസഗീതികൾ അനേകർക്ക് ആശ്വാസം ഏകട്ടെ എന്ന പ്രാർത്ഥനയോടെ ഒരായിരം ആശംസകൾ. പ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി നിറവിൽ അനുഗ്രഹത്തിന്റെ മാരിവില്ലിന്റെ ശോഭ വീണ്ടും കാണാം!


എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : വിശ്വാസി ഗ്രാഫിക്സ്, ഡൽഹി

# ബിരുദദാനം - കൺവൻഷൻ ദൃശ്യജാലകം



ക്രിസ്തുവിനായ് മുന്നോട്ട് ... ബിരുദധാരികളും അതിഥികളും വേദിയിലേക്ക്




വചനപ്രഘോഷണം..... പാസ്റ്റർ മനോജ് തമ്പി കൺവൻഷനിൽ പ്രസംഗിക്കുന്നു




ചാരിതാർത്ഥ്യത്തോടെ.... കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ സന്ദേശം



തിരുവെഴുത്തുകളുടെ പ്രതിധ്വനി...... പാസ്റ്റർ രാജേഷ് ഏലപ്പാറ കൺവൻഷനിൽ പ്രസംഗിക്കുന്നു




പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷ പ്രസംഗം



വചനത്തിന്റെ ഉദ്ഘോഷണം .. പാസ്റ്റർ കെ.ജെ. മാത്യു കൺവൻഷനിൽ പ്രസംഗിക്കുന്നു



മികവിന്റെ അംഗീകാരം... പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടിഫിക്കേറ്റുകൾ നൽകുന്നു



കർത്താവിന്റെ ഓർമ്മക്കായ്... തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകുന്നു



അസുലഭ നിമിഷം... ബിരുദധാരികൾ വിശിഷ്ട അതിഥികൾക്കും അദ്ധ്യാപകരോടും ഒപ്പം



സദസിന്റെ ഒരു ദൃശ്യം

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17
Date of Publication - 5th April 2015

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## ആരും നിങ്ങളുടെ വിരുത് തെറ്റിക്കരുത്

**പാസ്റ്റർ എം.സാമുവൽകുട്ടി**

**അടൂർ:–** ആരും നിങ്ങളുടെ വിരുത് തെറ്റിക്കരുത് എന്നും വഷളത്വത്തിന്റെ ആഴകയത്തിലേക്ക് നിപതിക്കുന്ന സമൂഹത്തിൽ ദൈവജനം വിശ്വാസത്തിൽ നിലനിൽക്കേണമെന്നും പാസ്റ്റർ എം. സാമുവൽകുട്ടി പ്രസ്താവിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 21-ാ മത് ജനറൽ കൺവൻഷന്റെ സമാപന സമ്മേളനത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

വാഗ്ദത്ത ദേശത്തെത്തുമ്പോൾ ദൈവത്തെ മറന്നുപോകാതിരിക്കുക എന്ന് ദൈവം മോശെയിലൂടെ യിസ്രായേലിനോട് പറഞ്ഞു. നാം ജീവിതത്തിൽ സൂക്ഷിക്കേണ്ട അനവധി കാര്യങ്ങളുണ്ട്. ശാസ്ത്രിമാരെ സൂക്ഷിക്കുക, കള്ളപ്രവാചകന്മാരെ സൂക്ഷിക്കുക, ദ്രവ്യാഗ്രഹമുള്ളവരെ സൂക്ഷിക്കുക തുടങ്ങിയവയാണത്.

എന്താണ് വിരുത്? നമുക്ക് ലഭിക്കുവാൻ പോകുന്ന ഒരു സമ്മാനം, ഒരു ബഹുമാനം എന്നിങ്ങനെയാണ് അർത്ഥം. സത്യാരാധനക്കാരെ ദുരുപദേശത്തിലേക്ക് ശത്രു കൊണ്ടുപോകുവാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ആരും നമ്മുടെ വിരുത് തെറ്റിക്കരുത്. നാളെ നമുക്ക് ലഭിക്കേണ്ട വിരുത് ഇന്നത്തെ നമ്മുടെ ജീവിതരീതി മൂലം നഷ്ടമാക്കരുത്.

വിരുത് തെറ്റാതെ വചനാനുസരണം കർത്താവിനെ ആരാധിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നവർക്കുവേണ്ടി കർത്താവ് വേഗത്തിൽ വരും.

## ശുശ്രൂഷക സെമിനാർ നടന്നു

**അടൂർ:–** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷനോടനുബന്ധിച്ച് 2015 ഫെബ്രുവരി 27-ാം തീയതി വെള്ളിയാഴ്ച പകൽ 10 മണിമുതൽ 1 മണി വരെ അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. പാസ്റ്റർ തോമസ് മാത്യു അദ്ധ്യക്ഷനായിരുന്ന സെമിനാറിൽ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി എസ്സ്. ദൈവവചനത്തിന്റെ കാര്യവിചാരകത്വം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു.

ദൈവം സകലത്തിന്റെയും ഉടമസ്ഥനും മനുഷ്യൻ അവയുടെ പരിപാലകനുമാണ്. കാര്യവിചാരകൻ എന്നതിന് ഗ്രീക്കിൽ രണ്ടു പദങ്ങളാണ് കൊടുത്തിരിക്കുന്നത്. (1) എപ്പിട്രോപ്പോസ് അതിനർത്ഥം മാനേജർ, കാര്യവിചാരകൻ, കാര്യങ്ങളുടെ മേൽനോട്ടക്കാരൻ എന്നൊക്കെയാണ് (ഗലാ. 4:1,2). രണ്ടാമത്തെ പദപ്രയോഗം ഒയ്ക്കണൊമസ് അതിനർത്ഥം ഭവനത്തിന്റെ ചുമതലയുള്ളവർ എന്നാണ്. ദൈവം നൽകിയ കർത്തവ്യവുമായി ബന്ധപ്പെട്ട ഒരു പദമാണിത്. ഓരോ ശുശ്രൂഷകനും അവരെ ആക്കിവച്ചിരിക്കുന്ന വേലസ്ഥലത്തെക്കുറിച്ച് ഒരു മാസ്റ്റർ പ്ലാൻ ആവശ്യമാണ്. അവനെ ഏല്പിച്ചിരിക്കുന്ന കാര്യങ്ങളിൽ ഉത്തമമായ ഉത്തരവാദിത്വമുണ്ടായിരിക്കണം. സഭ ദൈവത്തിന്റേതാകയാൽ ദൈവത്തോട് കണക്ക് കൊടുക്കേണ്ടുന്നവനാണ് ശുശ്രൂഷകൻ. യഥാർത്ഥ ശുശ്രൂഷകൻ ദൃഢതയുള്ളവനും, പ്രാർത്ഥനയുള്ളവനും, ജനത്തിനു മുൻപാകെ മാതൃകയുള്ളവനും, ദൈവത്തിൽ ആശ്രയം വെയ്ക്കുന്നവനും കരുണയുള്ളവനും മറ്റുള്ളവരെ ഉപദേശിക്കുവാൻ സമർത്ഥനും കാര്യങ്ങളെ അപഗ്രഥിക്കുവാൻപ്രാപ്തിയുള്ളവനും ആകുമെന്ന് തന്റെ ക്ലാസിൽ പാസ്റ്റർ ഷാജി ഊന്നൽ നൽകി പറഞ്ഞു.

## നാം ദൈവവചനം അനുഭവിച്ചറിയണം

**ഇവാ.സാംസൺ സാമുവൽ**

**അടൂർ:–** യേശുവിനെക്കുറിച്ച് എന്തെങ്കിലും പറയണമെങ്കിൽ നാം ദൈവവചനം ജീവിതത്തിൽ അനുഭവിച്ചറിയണമെന്ന് ഇവാ. സാംസൺ സാമുവൽ. 21-ാ മത് ജനറൽ കൺവൻഷനോടനുബന്ധിച്ച് നടന്ന ഐക്യാരാധനയിൽ ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. യേശു തന്റെ ശിഷ്യന്മാരോട് ചോദിച്ചു ജനം എന്നെക്കുറിച്ച് എന്തു പറയുന്നു. ജനത്തിന് വ്യത്യസ്തമായ ചിന്തകളായിരുന്നു യേശുവിനെക്കുറിച്ച്. യിസ്രായേൽ ജനതയ്ക്ക് ദൈവീക പ്രവൃത്തികളോടുള്ള ബന്ധത്തിൽ ഒത്തിരി കാര്യങ്ങൾ ഓർത്തു വയ്ക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ പുതിയനിയമ യിസ്രായേലാകുന്ന നമുക്ക് ക്രിസ്തു ആരാണ് എന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു സൗഖ്യദായകനാണ്. വിടുതൽ നൽകുന്നവനാണ്, എന്നാൽ അതിനുമപ്പുറമുള്ള ഒരു അറിവ് നിത്യനായ ദൈവത്തിന്റെ പുത്രനാണെന്ന തിരിച്ചറിവ് നമുക്ക് അത്യന്താപേക്ഷിതമാണ് അദ്ദേഹം തന്റെ പ്രസംഗത്തിൽ ഓർപ്പിച്ചു.

## ദൈവീക ദർശനത്തിനൊത്ത് നാം ക്രിസ്തുവിന്റെ സാക്ഷികളാകുക: ഡോ. പി. എസ്. പ്രിൻസ്

**അടൂർ:–** ദൈവീക ദർശനത്തിനനുസൃതമായി നാം അവന്റെ സാക്ഷികളായി തീരേണമെന്ന് റവ. ഡോ. പി. എസ്. പ്രിൻസ് പ്രസ്താവിച്ചു. 2015 ഫെബ്രുവരി 28-ാം തീയതി ശനിയാഴ്ച അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ട ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 7-ാം ബിരുദദാന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ലൂക്കൊസ് 7:27 ആസ്പദമാക്കി സംസാരിച്ച അദ്ദേഹം നമ്മെപ്പറ്റി നല്ല സാക്ഷ്യം പറയുന്ന സാക്ഷി നമ്മുടെ കർത്താവായ യേശു ക്രിസ്തുവാണ്. ആ യേശു ക്രിസ്തുവിനുവേണ്ടി ശുശ്രൂഷ ചെയ്യുവാൻ വന്നവനാണ് യോഹന്നാൻ സ്നാപകൻ. നാം വഹിക്കുവാൻ പോകുന്ന സാക്ഷ്യം സ്വർഗ്ഗരാജ്യത്തിന്റെ സാക്ഷ്യമാണ്. അതുകൊണ്ട് നാം യോഹന്നാനെക്കാൾ വലിയവനാണ് എന്ന് പ്രത്യേകാൽ ഗ്രാജുവേറ്റ് ചെയ്യുന്ന വിദ്യാർത്ഥിനി – വിദ്യാർത്ഥികളോടായ് അദ്ദേഹം പറഞ്ഞു.

കല്പനകൾ പൂർണ്ണമായ് പാലിക്കുന്നതിലൂടെ ഒരു വ്യക്തി ദൈവരാജ്യത്തിലാണ് എന്ന് വിശ്വസിച്ചിരുന്ന യെഹൂദന്മാർ അക്കാലഘട്ടത്തിലുണ്ടായിരുന്നു. എന്നാൽ യേശു അവരെപ്പറ്റി പറഞ്ഞത് അവർ വെള്ള തേച്ച ശവക്കല്ലറകൾ എന്നാണ്. ദൈവരാജ്യം ആത്മീകമാണ് എന്ന് എസ്സീനിയർ വിശ്വസിച്ചിരുന്നു. ദൈവരാജ്യത്തെപ്പറ്റി യഥാർത്ഥ കാഴ്ചപ്പാട് പ്രാപിച്ച യോഹന്നാൻ ജ്ഞാനത്തിന്റെ വാക്കുകളല്ല മറിച്ച് വെളിപ്പാടിന്റെ വാക്കുകളാണ് സംസാരിച്ചത്. നാം ദൈവരാജ്യത്തിന്റെ വെളിപ്പാട് പ്രാപിച്ച് പ്രസ്താവിക്കുമ്പോൾ ദൈവം അതിനെ ഉറപ്പിക്കും. പഠിച്ചത് മാത്രം പോരാ ദൈവത്തിൽ നിന്നും പ്രാപിക്കുകയും ചെയ്യുന്നവനാകണം യഥാർത്ഥ സാക്ഷി. ദൈവരാജ്യത്തിന്റെ അനുഭവം ദൈവം വെളിപ്പെടുത്തുന്നത് വ്യക്തികളിലൂടെയാണ്. കാലാനുഗതമായി രൂപാന്തരപ്പെടുത്തുന്ന ദർശനവും, രൂപാന്തരപ്പെടുത്തുന്ന ചിന്തകളും, രൂപാന്തരമുള്ള താല്പര്യങ്ങളും, രൂപാന്തരപ്പെടുന്ന ആഗ്രഹങ്ങളും, രൂപാന്തരമുള്ള സ്വഭാവ സവിശേഷതകളും യോഹന്നാൻ സ്നാപകനിൽ ദർശിക്കാം. ഈ കാലഘട്ടത്തിലും ഈ അനുഭവമുള്ളവരെയാണ് ദൈവത്തിനാവശ്യം. അതിന് ഇന്ന് ഗ്രാജുവേറ്റു ചെയ്യുന്നവരെ ദൈവം സഹായിക്കട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

---

**ഉറവ**

## സുഗന്ധം പരത്തുന്ന വിശ്വാസ ഗീതികൾ!



**ഇവാ. ജോൺ സാമുവൽ മണക്കാല**

**ഒരു** മാസംപോലും മുടക്കം കൂടാതെ വിശ്വാസി എന്ന ഈ മാസിക പ്രസിദ്ധീകരണം ആരംഭിച്ചിട്ട് 18 വർഷങ്ങൾ കഴിഞ്ഞു. ഇതിനോടകം ആയിരക്കണക്കിന് വായനക്കാർക്ക് ഇതിന്റെ മുഖ്യപത്രാധിപരായിരിക്കുന്ന പാസ്റ്റർ എം. സാമുവൽകുട്ടി (ന്യൂഡൽഹി)യെ ഒരു പരിധിവരെ അടുത്തു പരിചയപ്പെടുവാൻ സാധിച്ചു എന്നത് തർക്കമറ്റ യാഥാർത്ഥ്യമാണ്.

കേരളത്തിലെ ഹരിതമനോഹരമായ ഒരു കൊച്ചു ഗ്രാമത്തിൽ ജനിച്ചു വളർന്നവനാണ് എം. സാമുവൽകുട്ടി. ക്രൈസ്തവ മൂല്യങ്ങൾ മുറുകെ പിടിച്ചുവന്ന വാത്സല്യപിതാവ് ഒരു പെന്തക്കൊസ്തു സഭയിലെ സണ്ടേസ്ക്കൂൾ അദ്ധ്യപകനായിരുന്നു. അതുകൊണ്ടുതന്നെ വളരെ ബാല്യം മുതൽ വേദവചനങ്ങൾ പഠിക്കുവാൻ സാധിച്ചു.അപ്രതീക്ഷിതമായി വീട് തീയ്ക്ക് ഇരയായത് കാരണം കുടുബത്തിന്റെ സാമ്പത്തിക ഭദ്രത നഷ്ടപ്പെട്ടു.പക്ഷെ ഇതിനിടയിലും സ്ക്കൂൾ –കോളജ് വിദ്യാഭ്യാസം വിജയകരമായി നടത്തുവാൻ സാധിച്ചു. അപ്പോൾ തന്നെ പ്രശംസനീയമായ നിലയിൽ ശക്തമായ സാമൂഹ്യപരിഷ്കരണ ഉദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അങ്ങനെ ഒരേ സമയത്ത് സഭയിലും സമൂഹത്തിലും തനതായ പ്രവർത്തനങ്ങളിലൂടെ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു.

അമ്മയുടെ വാക്കനുസരിച്ച് ചുവടുവച്ചതുകൊണ്ട് ഒരിക്കലും മറക്കാനാവാത്ത ചില വഴികളിലൂടെ 1975ൽ ഡൽഹിയിലെത്തി. അസ്ഥി തുളച്ചിറങ്ങുന്ന ജനുവരിയിലെ തണുപ്പ്. തണുപ്പിന് ഉപയോഗിക്കുന്ന വേണ്ടത്ര വസ്ത്രങ്ങളോ ആവശ്യത്തിന് പണമോ കയ്യിലില്ലായിരുന്നു. ഡൽഹിജീവിതം പതുക്കെ ആരംഭിച്ചു.

വേണ്ടത്ര സൗകര്യങ്ങൾ ഒന്നും ഇല്ലായിരുന്ന ഞെരുക്കത്തിന്റെ ആദ്യനാളുകൾ. ചെറിയ തുടക്കം. തുടർന്ന് മൂന്ന് സ്ഥാപനങ്ങളിൽ ജോലി ചെയ്തു. അപ്പോഴും അടങ്ങാത്ത ആവേശമായി പെന്തക്കൊസ്തിന്റെ അഗ്നിജ്വാല അകത്ത് ആളികത്തിക്കൊണ്ടിരുന്നു. തിരക്കിട്ട ഔദ്യോഗിക ജോലികൾക്കുശേഷം ലഭിക്കുന്ന സമയം മുഴുവൻ ക്രിസ്തീയ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു. അതിന്റെ അനന്തരഫലമായി പല ഐക്യകൂട്ടായ്മകളും ഡൽഹിയിലും പരിസര പ്രദേശങ്ങളിലും നടന്നു. വ്യത്യസ്ത നിലകളിലുള്ള സുവിശേഷീകരണ പ്രവർത്തനങ്ങളും സഭകളും രൂപംകൊണ്ടു. ഉണർവ്വിന്റെ നാളുകൾ. ഡൽഹിയുടെ പൊന്തക്കൊസ്തു ചരിത്രത്തിൽ വിസ്മരിക്കവയ്യാത്ത ഓർമ്മ കുറിപ്പുകളാണിത്.

തൊണ്ണൂറുകളുടെ ആദ്യനാളുകൾ. എം. സാമുവൽകുട്ടിയ്ക്ക് ദൈവം നൽകിയ വ്യക്തമായ ദർശനവും നിയോഗവും അനുസരിച്ച് ഒരു ക്രിസ്തീയ പ്രവർത്തനത്തിന് തുടക്കം കുറിക്കുവാൻ സമ്പൂർണ്ണമായി തന്നെതന്നെ ഒരുക്കുകയും സമർപ്പിക്കുകയും പ്രാർത്ഥനയോടെ അതിനുവേണ്ട തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു. അതിന്റെ അനന്തരഫലമായി ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ (ICM) സ്ഥാപിതമായി. ഭാരതസുവിശേഷീകരണം പ്രഥമവും പ്രധാനവുമായി മുൻപിൽ കണ്ടുകൊണ്ട് പ്രേഷിതദൗത്യവുമായി മുന്നേറുന്ന ഈ പ്രസ്ഥാനത്തിന്റെ സ്ഥാപക പ്രസിഡന്റ് ആണദ്ദേഹം. ചെറിയ ആരംഭത്തെ തുച്ഛീകരിക്കാത്ത ദൈവം പ്രവർത്തനങ്ങളെ പടിപടിയായി വളർത്തികൊണ്ടിരിക്കുന്നു. ഇന്ന് ICMന്റെ നേതൃത്വത്തിൽ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച്, ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്, വിശ്വാസി മാസിക, കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്റർ, ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ, ഐ.സി.എം. അക്കാദമികൾ, ഫെയ്ത്ത് ഗോസ്പൽ ടീം തുടങ്ങിയ പ്രവർത്തനങ്ങൾ വളരെ പ്രശംസനീയമായ നിലയിൽ മുന്നേറുന്നു(ഈ വർഷം ICM സിൽവർജൂബിലി ആഘോഷിക്കുകയാണ്. സിൽവർ ജൂബിലി സെലിബ്രേഷനോട് അനുബന്ധിച്ചിറക്കുന്ന സുവനീറിൽ വിശദമായിട്ടുള്ള ഫീച്ചർ തയ്യാറാക്കിയിട്ടുണ്ട്. പ്രിയ വായനക്കാർ സുവനീറിന്റെ ഒരു കോപ്പി വാങ്ങി വായിക്കുവാൻ മറക്കരുത്!)

പ്രവർത്തനങ്ങളുടെ സ്ഥാപക പ്രസിഡന്റ്, പ്രഭാഷകൻ, എഴുത്തുകാരൻ, പത്രാധിപർ, ഡയറക്ടർ തുടങ്ങി വിവിധ നിലകളിൽ താൻ ദൈവരാജ്യവ്യാപ്തിക്കായി കർത്താവിന്റെ മുന്തിരിതോട്ടത്തിൽ വിശ്രമമില്ലാതെ രാപ്പകൽ അത്യദ്ധ്വാനം ചെയ്യുമ്പോൾ തന്നെ അർത്ഥസംമ്പുഷ്ടവും ആത്മപ്രചോദിതവും ഹൃദയ സ്പർശകങ്ങളുമായ ഒരു പിടി ഗാനകുസുമങ്ങൾ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ തൂലികയിൽ നിന്നും വിരിഞ്ഞിട്ടുണ്ട്. സ്വർഗ്ഗീയ സൗഗന്ധികസൗകുമാര്യം പരത്തുന്ന ആ ഓരോ ഗാനങ്ങളും ആത്മീയ ആരാധനയ്ക്ക് മികവേകുന്നു. വാഴ്ത്തി വർണ്ണിച്ചിടും ഞാൻ, എൻ യേശു രക്ഷിതാവിൻ നാമമേ എന്ന ഗാനം തന്നെ ഒരു ഉദാഹരണമാണ്, തന്റെ രചനകൾക്ക് ഈണം നൽകിയ സംഗീതലോകത്തെ പ്രശസ്തരായ ജോസ് ദാനം, ബിനോയ് പി. ജോൺ, സലീം പീറ്റർ, സുനിൽ സോളമൻ, യേശുദാസ് ജോർജ്ജ് എന്നിവരെ ഹൃദയപൂർവ്വം സ്മരിക്കുന്നു.

ഓരോ ഗാനങ്ങൾക്കും പിന്നിൽ ഓരോ അനുഭവകഥകൾ ഉണ്ട്. ശ്രുതിലയതാളഭാഷാശുദ്ധിയോടെ ആ ഗാനങ്ങൾ ആലപിക്കുമ്പോഴും അനർവചനീയമായ ഒരു ആത്മസാന്നിധ്യം അനുഭവവേദ്യമാക്കാറുണ്ട്. സ്വദേശത്തും വിദേശത്തും കരയിലും ഉയ

**(ശേഷം രണ്ടാം പേജിൽ)**

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*